**GOVERNMENT OF KERALA**

**Abstract**

Local Self Government Department – Constitution of Biodiversity Management Committee (BMCs) – sanction accorded – orders issued.

---

**LOCAL SELF GOVERNMENT (DA) DEPARTMENT**

**G.O.(MS) 86/08/LSGD** **Dated, Thiruvananthapuram, 18.03.2008**

---

Read:- 1) G.O.(Rt) No. 1589/07/LSGD dated 05.06.2007.

2) Letter No. 92/BMC/2008 dated 02.02.2008 of Chairman, Kerala State Biodiversity Board.

## ORDER

As per G.O. read as first paper above Biodiversity Management Committee has been constituted in five pilot Village Panchayats viz Vithura (Thiruvananthapuram), Kumarakam (Kottayam), Malampuzha (Palakkad), Chirakkal (Kannur) and Neeleswaram (Kasaragod) under the provisions of National Biological Diversity Act 2002.

In the letter read as second paper above the Chairman, Kerala State Biodiversity Board has requested to constitute Biodiversity Management Committee in all Village Panchayats, Municipalities and Corporations in order to start the preparation of the People's Biodiversity Register for their respective jurisdictions.

After examining the matter in detail, Government are pleased to accord sanction for constituting a Biodiversity Management Committee in all the Village Panchayats, Municipalities and Corporations with the following structure:

| | | | |
|---|---|---|---|
| 1) | Chairperson | : | President of the Panchayat / Chairperson of the Municipality / Mayor of the Corporation. |
| 2) | Agriculture | : | Agriculture Officer. |
| 3) | Six nominees | : | To be nominated by the Local Governments from among agriculturists, herbalists, Non-Timber Forest Produces collectors / traders, fisher folk, representative of user associations, community workers, academicians and any person / representative of organizations, whom the local governments consider that he / she can significantly contribute to the mandate of the Biodiversity Management Committee. |
| 4) | Special Invitees | : | Representative of the departments of Forest and Wildlife, Animal Husbandry, Health, Fisheries, Education and Research Institutions and Local MLA and MP. |

The nominees should include at least two women and one from among SC/ST communities.

By order of the Governor

**S.M. Vijayanand**
Principal Secretary

To

1) The Director of Panchayat, Thiruvananthapuram
2) The Commissioner for Rural Development, Thiruvananthapuram
3) The Director of Urban Affairs, Thiruvananthapuram (to be communicated to concerned LSGIs for immediate compliance)
4) The Director of Animal Husbandry, Thiruvananthapuram
5) Principal Chief Conservator of Forest, Thiruvananthapuram
6) The Director of Health Services, Thiruvananthapuram
7) The Director of Public Instructions, Thiruvananthapuram
8) The Director of Fisheries, Thiruvananthapuram
9) The Executive Director, IKM, Thiruvananthapuram (for publishing in the official website of Local Self Govt. Dept.)
10) The Director of Agriculture, Thiruvananthapuram
11) Chairman, Kerala State Biodiversity Board, Pallimukku, Pettah-P.O., Thiruvananthapuram

Forwarded / by order

**Section Officer**

*Copy to:*

The Environment / Forest and Wildlife / Fisheries / Health / Education / Agriculture / Animal Husbandry Departments.
Personal Assistant to Principal Secretary / Secretary LSGD
Stock File / Office copy

# ജൈവവൈവിധ്യ സംരക്ഷണവും സുസ്ഥിര ഉപയോഗവും – ജൈവവൈവിധ്യ നിർവ്വഹണ സമിതി

മനുഷ്യരാശിയുടെ നിലനിൽപ്പിന് മറ്റു ജീവജാലങ്ങളുടെ നിലനിൽപ്പും അത്യന്താപേക്ഷിതമാണ്. നമ്മുടെ ആഹാരം, വസ്ത്രം, പാർപ്പിടം, ആരോഗ്യം, ഇന്ധനം, ഔഷധങ്ങൾ, വിനോദം മുതലായ എല്ലാ ആവശ്യങ്ങൾക്കും നാം ജൈവസമ്പത്തിനെ ആശ്രയിക്കുന്നു. കൂടാതെ കാലാവസ്ഥ നിയന്ത്രണം, മണ്ണു സംരക്ഷണം, ജല സംരക്ഷണം, പരാഗണ പ്രക്രിയകൾ, വിത്തുവിതരണം എന്നിങ്ങനെ പല പരോക്ഷമായ ഉപയോഗങ്ങളും ജൈവവൈവിധ്യത്തിലൂടെ നമുക്ക് ലഭിക്കുന്നുണ്ട്. എന്നാൽ പരിധി കഴിഞ്ഞുള്ള ഉപയോഗം മൂലം അവയിൽ പലതും നാശത്തിന്റ വക്കത്ത് എത്തിനിൽക്കുകയോ നശിക്കപ്പെട്ടു കഴിഞ്ഞിരിക്കുകയോ ആയിരിക്കുന്നു.

ആയതിനാൽ നമ്മുടെ ജൈവവൈവിധ്യത്തെ പൂർണ്ണമായും രേഖപ്പെടുത്തുകയും, മനസ്സിലാക്കുകയും, സംരക്ഷിക്കുകയും ചെയ്യേണ്ടത് നമ്മുടെ ആവശ്യമാണ്. ജൈവവൈവിധ്യത്തോട് ബന്ധപ്പെട്ട ധാരാളം നാട്ടറിവുകളും നാടൻ രീതികളും പരമ്പരാഗതമായി നമുക്കുള്ള സ്വത്താണ്. ഇവയെല്ലാം നാം രേഖപ്പെടുത്തിയാലേ നമുക്ക് നമ്മുടെ ജൈവവൈവിധ്യത്തിൻമേലും അതിന്റെ അറിവിൻമേലുമുള്ള ഉടമസ്ഥത സ്ഥാപിക്കാൻ കഴിയൂ. ഇത് ചെയ്യാത്ത പക്ഷം ഇവയെ മറ്റു ദേശക്കാരും, കുത്തക താൽപര്യമുള്ളവരും അവയിൽ നമുക്കുള്ള അവകാശം തട്ടിയെടുക്കാൻ ഇടയുണ്ട്. ആയതിനാൽ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തലങ്ങളിൽ അതാതു സ്ഥലത്തുള്ള ജൈവസമ്പത്തിന്റേയും ബന്ധപ്പെട്ട നാട്ടറിവുകളുടേയും രേഖ ഉണ്ടാക്കി സൂക്ഷിക്കേണ്ടിയിരിക്കുന്നു. ഇത്തരം രേഖ ജൈവവൈവിധ്യത്തെ സംരക്ഷിക്കുവാനും നമുക്ക് അവയെ സുസ്ഥിരമായി ഉപയോഗിക്കുവാനും ഉപകരിക്കുന്നു.

തനത് പഞ്ചായത്തിലെ ജൈവവൈവിധ്യത്തിന്റെ പരമാധികാരം അതാത് പഞ്ചായത്തിലായിരിക്കേണ്ടതാണ്. ഇത് ഉറപ്പുവരുത്താൻ വേണ്ടി കേന്ദ്ര സർക്കാർ 2002–ൽ ഒരു ജൈവവൈവിധ്യ ആക്ടും 2004–ൽ ജൈവവൈവിധ്യ നിയമങ്ങളും കൊണ്ടു വന്നിട്ടുണ്ട്. ഇതനുസരിച്ച് ഓരോ പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും ഓരോ ജൈവവൈവിധ്യ നിർവ്വഹണ സമിതി (BMC) രൂപീകരിക്കേണ്ടിയിരിക്കുന്നു. ഇതിൽ താഴെപ്പറയുന്നവർ അംഗങ്ങളായിരിക്കണം.

ജൈവവൈവിധ്യ നിർവ്വഹണ സമിതി (Biodiversity Management Committee)

1. പ്രസിഡന്റ് – അതാത് പഞ്ചായത്ത് പ്രസിഡന്റ്

2. സെക്രട്ടറി – അതാത് പഞ്ചായത്ത് പ്രസിഡന്റ്

3 മുതൽ 8 വരെ – പഞ്ചായത്തിൽ നിന്നും നിയമിക്കുന്ന ആറ് അംഗങ്ങൾ. ഇവർ താഴെപ്പറയുന്ന വിവിധ മേഖലകളെ പ്രതിനിധീകരിക്കുന്നതിനും ജൈവവൈവിധ്യത്തെ സംരക്ഷിക്കുന്നതിനും സുസ്ഥിരമായി ഉപയോഗിക്കുന്നതിനും വേണ്ട തീരുമാനങ്ങൾ എടുക്കുന്നതിനും, അവ നടപ്പിലാക്കുവാൻ താൽപര്യവും പ്രാപ്തരും ആയിരിക്കണം. ഇതിൽ രണ്ടു വനിതകളും, ഒരു SC / ST വിഭാഗത്തിൽപ്പെട്ട ആളും ഉണ്ടായിരിക്കണം.

1) കർഷക പ്രതിനിധി
2) തടി ഇതര വിഭവങ്ങൾ ശേഖരിക്കുന്നവർ / വിൽപ്പനക്കാർ
3) മത്സ്യബന്ധന ജീവനക്കാർ

4) നാട്ടുവൈദ്യൻമാർ

5) ജൈവവൈവിധ്യം ഉപയോഗിക്കുന്നവരുടെ സംഘടനകൾ

6) സാമൂഹ്യസേവകർ

7) അദ്ധ്യാപകർ

8) ഗവേഷകർ

പ്രത്യേകം ശ്രദ്ധിക്കേണ്ട വിഷയം: പഞ്ചായത്ത് മെമ്പർമാർ നിർദ്ദേശിക്കുന്നവരും, അതത് പഞ്ചായത്തിന്റെ അതിർത്തിയിൽ താമസിക്കുന്നവരും ആയിരിക്കണം നാമനിർദ്ദേശം ചെയ്യപ്പെടുന്നവർ. പഞ്ചായത്ത് മെമ്പർമാർ ബി.എം.സി.യിലെ പ്രതിനിധികളാകുവാൻ പാടുള്ളതല്ല.

ജൈവവൈവിധ്യ നിർവ്വഹണ സമിതിയിലേക്ക് താഴെപ്പറയുന്ന വകുപ്പിലെ ഉദ്യോഗസ്ഥർ പ്രത്യേക ക്ഷണിതാക്കളായിരിക്കും.

- വനം-വന്യജീവി വകുപ്പ്
- കൃഷി വകുപ്പ്
- മൃഗസംരക്ഷണ വകുപ്പ്
- ആരോഗ്യ വകുപ്പ്
- ഫിഷറീസ് വകുപ്പ്
- വിദ്യാഭ്യാസ വകുപ്പ്
- ഗവേഷണ സ്ഥാപനം

കൂടാതെ സ്ഥലം എം.എൽ.എ.യും, എം.പി.യും, ബി.എം.സി. യോഗങ്ങളിലെ പ്രത്യേക ക്ഷണിതാക്കളായിരിക്കും.

(കേരള സംസ്ഥാന ജൈവവൈധ്യ ബോർഡായിരിക്കും ജൈവവൈവിധ്യ നിർവ്വഹണ സമിതിക്ക് മാർഗനിർദ്ദേശം നൽകുന്നത്. പ്രത്യേകിച്ച്, ഓരോ പഞ്ചായത്തിലും ജൈവവൈവിധ്യ രേഖകൾ ഉണ്ടാകുന്നതിനും, ജൈവവൈവിധ്യങ്ങൾ എങ്ങനെ ഒരു സുസ്ഥിര വരുമാന മാർഗ്ഗമായി മാറ്റുവാൻ കഴിയും എന്നതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ അവരിൽ നിന്നും ലഭിയ്ക്കും. സംസ്ഥാനത്തെ ജൈവവൈവിധ്യത്തെക്കുറിച്ചുള്ള എല്ലാ കാര്യങ്ങളും ക്രോഡീകരിക്കുന്നത് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡായിരിക്കും).

**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ അഡ്രസ്സ്**

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
പള്ളിമുക്ക്, പേട്ട - പി.ഒ.
തിരുവനന്തപുരം - 695 024
ഫോൺ: 0471-2740240

ചെയർമാൻ : ഡോ. വി.എസ്. വിജയൻ
മെമ്പർ സെക്രട്ടറി : ഡോ. ആർ.വി. വർമ്മ